## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 804 — 04.03.2020-ൽ മറുപടിയ്ക്ക്.

## സംസ്ഥാനത്തെ ക്ഷീര ഉപഭോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രതിദിന ക്ഷീര ഉപഭോഗത്തിനാവശ്യമായ പാൽ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുന്നുണ്ടോ; പ്രതിദിനം ശരാശരി എത്ര ലിറ്റർ പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്നുണ്ട്; ഇവയുടെ ഗുണമേന്മ ഉറപ്പാക്കാൻ നിലവിൽ വകുപ്പിന് സംവിധാനങ്ങളുണ്ടോ; | (എ) സംസ്ഥാനത്തെ പ്രതിദിന ഉപഭോഗത്തിനാവശ്യമായ പാലിന്റെ ഏകദേശം 85%ത്തിലധികം തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നുണ്ട്.<br>പ്രതിദിനം ശരാശരി 2.45 ലക്ഷത്തോളം ലിറ്റർ പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്നുണ്ട്.<br>ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക് പോസ്റ്റുകൾ നിലവിലുണ്ട്.<br>കൂടാതെ, തിരുവനന്തപുരത്ത് NABL അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡെയറി ലാബും കോട്ടയം, കാസർഗോഡ് എന്നിവിടങ്ങളിൽ റീജിയണൽ ഡെയറി ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസുകൾ മുഖേന വിപണിയിൽ ലഭ്യമായ കവർ പാൽ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമായി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് ലഭ്യമാകുന്ന കവർ പാൽ നിയമപരമായ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നവയാണെന്ന് ഉറപ്പാക്കാൻ ഉപഭോക്താക്കളെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി അഗ്മാർക്ക്, ഹാൾമാർക്ക് മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) സംസ്ഥാനത്ത് ലഭ്യമാകുന്ന കവർ പാൽ നിയമപരമായ മാനദണ്ഡങ്ങൾ പാലിയ്ക്കപ്പെടുന്നവയാണെന്ന് ഉറപ്പാക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പ് മുഖേന ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ഓഫ് ഇൻഡ്യയുടെ (FSSAI) രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനുപുറമേ സഹകരണ മേഖലയിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിനായി മിൽമയുടെ കീഴിലുള്ള ഡയറി പ്ലാന്റുകൾക്ക് ISO 22000 (ഫുഡ് സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റം) സാക്ഷ്യപ്പെടുത്തൽ നിർവഹിച്ചിട്ടുണ്ട്. കൂടാതെ പാൽ ശീതീകരണവും സംസ്കരണവുമുള്ള പ്രാഥമിക ക്ഷീരസംഘങ്ങൾക്ക് ISO 22000 അംഗീകാരം ലഭിയ്ക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

(സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന് അടിസ്ഥാന വില നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിൽ അടങ്ങിയിരിക്കുന്ന മൊത്തം ഖരപദാർത്ഥങ്ങളുടെ (fat & SNF) അടിസ്ഥാനത്തിലാണ് വില നിശ്ചയിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് പ്രധാനമായും വിതരണം ചെയ്യുന്ന ഡബിൾ ടോൺഡ്, ടോൺഡ്, സ്റ്റാൻഡഡൈസ്ഡ് മിൽക്ക് എന്നിവയാണ്.

| ക്രമ നം. | ഇന വിവരം | FAT % | SNF % | വിൽപ്പന വില ലിറ്ററിന് |
|---|---|---|---|---|
| 1 | ഡബിൾ ടോൺഡ് മിൽക്ക് | 1.5 | 9.0 | 44 |
| 2 | ടോൺഡ് മിൽക്ക് | 3 | 8.5 | 46 |
| 3 | സ്റ്റാൻഡ ഡൈസ്ഡ് മിൽക്ക് | 4.5 | 8.5 | 48 |

**സെക്ഷൻ ഓഫീസർ**